പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സംവിധാനമാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് എന്നതിനാൽ ശമ്പള ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ, സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്ന മുറയ്ക്ക്, തീർപ്പാക്കി, കഴിയുന്നതും വേഗത്തിൽ സാമ്പത്തികസഹായം അനുവദിച്ച് വരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡ്

63(568) ശ്രീ. ടി. ഐ. മധുസൂദനൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ നിലവിലെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ ഹിന്ദുമത ധർമ്മ സ്ഥാപന നിയമം റൂൾസ് 1951 സെക്ഷൻ 100(2)(y) പ്രകാരമുള്ളതാണ്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിലെ ഓഫീസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ KSR പാർട്ട് I, II പ്രകാരമുള്ളതാണ്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ, 12-2-2021-ലെ G.O.(Ms) No. 57/2021/RD പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എപ്പോഴാണെന്ന് അറിയിക്കാമോ?

നിലവിൽ 12-2-2021-ലെ G.O.(Ms) No. 57/2021/RD പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് 1-3-2009 പ്രാബല്യത്തിൽ 28-2-2009-ലെ G.O.(Ms) No. 116/2009/RD പ്രകാരമാണ് ശമ്പളം പരിഷ്കരിച്ചത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly